# അശാസ്ത്രീയമായി തുടർന്നുവരുന്ന സംവരണവ്യവസ്ഥയ്ക്ക് മാറ്റം ആവശ്യമാണ്

**യാ**തൊരു പഠനവും വിവരശേഖരണവും കൂടാതെ, ജാതിയുടെ അടിസ്ഥാനത്തിൽ കഴിഞ്ഞ ആറിൽപരം ദശാബ്ദങ്ങളായി രാജ്യത്ത് തുടർന്നുവരുന്ന സംവരണവ്യവസ്ഥയ്ക്ക് ഒരു മാറ്റം ആവശ്യമായി വന്നിരിക്കുകയാണ്.

സംവരണസമ്പ്രദായം തുടങ്ങിയത് 10 വർഷത്തേക്കാണ്. 10 വർഷം കഴിയുമ്പോൾ അപ്പോഴത്തെ സാമൂഹ്യസാഹചര്യം അനുസരിച്ച് മാറ്റങ്ങൾ കൊണ്ടുവരണമെന്നുള്ള ഉദ്ദേശ്യമായിരുന്നു അന്നുണ്ടായിരുന്നത്. പക്ഷേ, സംവരണം ഏർപ്പെടുത്തിയ കാലത്ത് ഉണ്ടായിരുന്ന സാമൂഹികമായ പിന്നാക്കാവസ്ഥയ്ക്ക് എന്തു മാറ്റമുണ്ടായി എന്നുള്ളതിന് ഒരു കണക്ക് ഇന്നേവരെ എടുത്തതായി കാണുന്നില്ല. എന്നിട്ടും, പത്തുവർഷത്തേക്ക് തുടങ്ങിയ സംവരണസമ്പ്രദായം യാതൊരു അടിസ്ഥാനവുമില്ലാതെ ഇപ്പോഴും തുടരുന്നത് സാമൂഹികനീതിക്കും അവസരസമത്വത്തിനും നിരക്കുന്നതല്ല. സംവരണത്തിന്റെ അടിസ്ഥാനതത്ത്വം സാമൂഹികവും വിദ്യാഭ്യാസപരവുമായ പിന്നാക്കാവസ്ഥയാണെന്നാണ് കണക്കാക്കിയിട്ടുള്ളത്.

യഥാർത്ഥത്തിൽ, സാമൂഹികവും വിദ്യാഭ്യാസപരവുമായ പിന്നാക്കാവസ്ഥയ്ക്ക് കാരണം സാമ്പത്തികപിന്നാക്കാവസ്ഥയാണെന്നുള്ളത് നിസ്തർക്കമാണ്.

ഇപ്പോഴത്തെ അവസ്ഥയിൽ, സംവരണസമുദായങ്ങളിലെ സമ്പന്നവർഗ്ഗമാണ് സംവരണത്തിന്റെ യഥാർത്ഥഗുണഭോക്താക്കളായിത്തീർന്നുകൊണ്ടിരിക്കുന്നത്. അതേസമയം സംവരണവിഭാഗത്തിലെ പിന്നാക്കം നില്ക്കുന്നവർക്ക് സംവരണംകൊണ്ട് അർഹമായ പ്രയോജനം ലഭിക്കുന്നുമില്ല.

ഈ സ്ഥിതി തുടർന്നാൽ, സംവരണത്തിന്റെ ഉദ്ദേശ്യലക്ഷ്യംതന്നെ ഒരിക്കലും പ്രാപ്തമാകുവാൻ പോവുന്നില്ല. അതിനാൽ, അശാസ്ത്രീയമായി ഇന്നും തുടർന്നുകൊണ്ടിരിക്കുന്ന സംവരണവ്യവസ്ഥയ്ക്ക് ഒരു മാറ്റം ആവശ്യമാണ്. അതിന് ഇന്നുള്ള സംവരണസമ്പ്രദായത്തെ സംബന്ധിച്ച് ശാസ്ത്രീയമായ ഒരു പഠനത്തിലൂടെ സ്ഥിതിവിവരക്കണക്കുകൾ ശേഖരിച്ച്, അതിന്റെ അടിസ്ഥാനത്തിൽ വേണ്ട മാറ്റങ്ങൾ വരുത്തുകയാണ് ചെയ്യേണ്ടത്. ജാതിയുടെ അടിസ്ഥാനത്തിൽ മാത്രമാണ് ഇന്ന് സംവരണം നല്കിവരുന്നത്. ജാതി നോക്കാതെ, സാമൂഹികവും വിദ്യാഭ്യാസപരവും സാമ്പത്തികവുമായ പിന്നാക്കാവസ്ഥ ഉള്ളവരെ കണ്ടെത്തുകയാണ് യഥാർത്ഥത്തിൽ വേണ്ടത്.

ജാതിയുടെ മാത്രം അടിസ്ഥാനത്തിലുള്ള സംവരണം അവസാനിപ്പിച്ച്, സാമൂഹികവും വിദ്യാഭ്യാസപരവും സാമ്പത്തികവുമായ പിന്നാക്കാവസ്ഥ ഉള്ളവർക്ക്, അവർ ഏതു ജാതിയിൽപ്പെട്ടതായാലും, സംവരണം ലഭിക്കത്തക്ക വിധത്തിലുള്ള വ്യവസ്ഥിതിയാണ് നമ്മുടെ രാജ്യത്ത് ഉണ്ടാവേണ്ടത്.

ഇതിലൂടെ യഥാർത്ഥ പിന്നാക്കവസ്ഥ ഉള്ളവരെ കണ്ടെത്താനും, സാമൂഹികനീതി ഏവർക്കും ഒരുപോലെ ഉറപ്പുവരുത്തുവാനും ഉള്ള ചിന്തയോ അതിനുവേണ്ടിയുള്ള നടപടികൾ സ്വീകരിക്കുവാനുള്ള ആർജ്ജവമോ നമ്മുടെ രാജ്യം ഭരിക്കുന്ന ഗവണ്മെന്റുകൾക്കോ അവയ്ക്ക് നേതൃത്വം നല്കുന്ന രാഷ്ട്രീയപാർട്ടികൾക്കോ ഇന്നോളം ഉണ്ടായിക്കാണാത്തത് തികച്ചും ഖേദകരമാണ്.

ഈ സാഹചര്യത്തിൽ, അശാസ്ത്രീയമായ രീതിയിൽ തുടർന്നുവരുന്ന ഈ സംവരണവ്യവസ്ഥയ്ക്ക് ഒരു മാറ്റം ആവശ്യപ്പെട്ടുകൊണ്ട് നായർ സർവീസ് സൊസൈറ്റി സുപ്രീംകോടതി മുമ്പാകെ ഒരു ഹർജി ഫയൽ ചെയ്യാൻ നിർബന്ധിതമായിരിക്കുകയാണ്. ഇത് ഏതെങ്കിലും ജാതിക്കോ മതത്തിനോ എതിരായിട്ടല്ല. മറിച്ച്, എല്ലാ വിഭാഗത്തിലുമുള്ള പിന്നാക്കക്കാർക്ക് സാമൂഹികനീതി ഉറപ്പുവരുത്തുന്നതിനുവേണ്ടിയുള്ള ഒരു ശ്രമം മാത്രമാണ്.